## 1994–ൽ വിരമിക്കുകയും 2013–ൽ മരിക്കുകയും ചെയ്ത കമ്പനി ഡയറക്ടറുടെ ഭാര്യയിൽ നിന്ന് ഡാമേജസും പലിശയും വസൂലാക്കാനുള്ള ഉത്തരവ് റദ്ദാക്കി

### കർണാടക ഹൈക്കോടതി

W.P. No. 25374/2016 Dt. 7.1.2021

പ്രമോദ ദേവി വാദിയാർ

x

എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട്
ഓർഗനൈസേഷൻ

ശ്രീകണ്ഠദത്ത നരസിംഹ രാജ വാദിയാർ എന്നയാൾ ഐഡിയൽ ജാവ (ഇന്ത്യ) ലിമിറ്റഡ് എന്ന കമ്പനിയിലെ ഡയറക്ടർമാരിൽ ഒരാളായിരുന്നു. 1994–ൽ അയാൾ ഡയറക്ടർ സ്ഥാനം രാജിവച്ചു. അന്നു തന്നെ അത് പ്രാബല്യത്തിലാകുകയും ചെയ്തു. സാമ്പത്തിക പ്രതിസന്ധി യിലായ കമ്പനി 1996–ൽ പ്രവർത്തനം നിർത്തി. ഭീമമായ തുക ഇ.പി.എഫ്. കുടിശികയായി കമ്പനി നല്കാനുണ്ടായിരുന്നു. 2001–ൽ ലിക്വിഡേഷൻ നടപടി പൂർത്തിയായതോടെ കമ്പനി യുടെ അസ്തിത്വം ഇല്ലാതായി. കമ്പനിയുടെ സ്വത്തുക്കളിൽ നിന്ന് ഇ.പി. എഫ്. കുടിശിക മുഴുവൻ അധികൃതർ വസൂലാക്കിയിരുന്നു. 2013–ൽ മുകളിൽ സൂചിപ്പിച്ച ഡയ റക്ടർ മരണമടഞ്ഞു. 2015–ൽ സ്ഥാപനത്തിന്റെ ഡാമേജസും പരിശയും നിശ്ചയിച്ച് ഇ.പി.എഫ്. കമ്മീഷണർ ഉത്തരവിറക്കി. മൊത്തം 9,90,76,906 രൂപ സ്ഥാപനം അടയ്ക്കണമെന്നാണ് ഉത്തര വിൽ നിർദ്ദേശിച്ചത്. പ്രസ്തുത തുക മരിച്ച ഡയറക്ടറുടെ ഭാര്യയിൽ നിന്ന് വസൂലാക്കാൻ റിക്ക വറി ഉദ്യോഗസ്ഥൻ നടപടി സ്വീകരിച്ചു. ഇതിനെതിരെ മരിച്ച ഡയറക്ടറുടെ ഭാര്യ ഹൈക്കോടതി യിൽ റിട്ട് ഹർജി സമർപ്പിച്ചു. കമ്പനിയുടെ ഡയറക്ടർ തൊഴിലുടമയല്ലെന്നിരിക്കെ കമ്പനി അടച്ചു തീർക്കേണ്ട തുക മരിച്ച ഡയറക്ടറുടെ ഭാര്യയിൽ നിന്ന് വസൂലാക്കണമെന്ന് ഉത്തരവിടാൻ ഇ. പി.എഫ്. കമ്മീഷണർക്ക് അധികാരമില്ലെന്ന് ഹർജിക്കാരി വാദിച്ചു. ഒരാൾ കമ്പനിയുടെ ഡയറ ക്ടറായതുകൊണ്ട് മാത്രം അയാൾ തൊഴിലുടമയാകില്ലെന്ന് ഹൈക്കോടതി നിരീക്ഷിച്ചു. കമ്പനിയുടെ ദൈനംദിന പ്രവർത്തനങ്ങളെ നയിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നയാ ളാണ് തൊഴിലുടമയെന്ന് ഹൈക്കോടതി ചൂണ്ടിക്കാട്ടി. ഹർജിക്കാരിയുടെ ഭർത്താവ് തൊഴിലു ടമയല്ലാത്തതിനാൽ കമ്പനിയുടെ കുടിശിക ഹർജിക്കാരിയിൽ നിന്ന് ഈടാക്കാൻ ഇ.പി.എഫ്. കമ്മീഷണർക്ക് അധികാരമില്ലെന്ന് വിലയിരുത്തിയ ഹൈക്കോടതി കമ്മീഷണറുടെ ഉത്തരവ് റദ്ദാക്കുകയും റിട്ട് ഹർജി അനുവദിക്കുകയും ചെയ്തു.